LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): സർ, ശ്രീ. വി. എൻ. വാസവൻ പറഞ്ഞതുപോലെ കോട്ടയം-ആലപ്പുഴ റൂട്ടിൽ ഓടുന്ന ഇരുമ്പുബോട്ട് മാറ്റി തടികൊണ്ടുള്ള ബോട്ട് നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്നതാണ് ഈ സബ്മിഷന്റെ ഒരു പ്രധാനപ്പെട്ട വിഷയം. സാധാരണഗതിയിൽ അവിടെ ഈ ബോട്ട് ഒരു ദിവസം പത്ത് ട്രിപ്പാണ് ഓടുന്നത്. രണ്ട് തടിബോട്ടും ഒരു സ്റ്റീൽബോട്ടുമാണ് അവിടെയുള്ളത്. കോട്ടയത്ത് അടുത്തകാലത്തുവരെ ഓടിക്കൊണ്ടിരുന്ന A83 എന്ന ബോട്ട് റിപ്പയർ ചെയ്താണ് S15 എന്ന സ്റ്റീൽ ബോട്ട് നിലവിൽ വന്നത്. A83-ാം നമ്പർ ബോട്ട് റിപ്പയർ ചെയ്ത് കുറച്ച് ദൈർഘ്യമുള്ള റൂട്ടിൽ ഇപ്പോൾ സർവ്വീസ് നടത്തിവരികയാണ്. ആലപ്പുഴയിൽ നിന്ന് കോട്ടയത്തേക്ക് പോകുമ്പോൾ പലസ്ഥലങ്ങളിലും വിസ്തൃതമായ കായലുകൾ ഉണ്ട്. സുരക്ഷാ കാരണങ്ങളാലാണ് ഈ ബോട്ട് ഈ റൂട്ടിൽ നിന്ന് തൽക്കാലം മാറ്റിയിട്ടുള്ളത്. ജലഗതാഗത വകുപ്പിന്റെ സ്റ്റീൽ ബോട്ടുകളുടെ വീതി അഞ്ച് മീറ്റർ, 4.35 മീറ്റർ, നാല് മീറ്റർ എന്നിങ്ങനെയാണ്. ഇതിൽ ഏറ്റവും വീതി കുറഞ്ഞ സ്റ്റീൽ ബോട്ടാണ് ആലപ്പുഴ-കോട്ടയം റൂട്ടിലേക്ക് കൊടുത്തിട്ടുള്ളത്. അതുകൊണ്ട് ഇരുമ്പ് തൂണിൽ തട്ടാതെയാണ് ബോട്ട് സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന് സ്പീഡ് കുറവാണ് എന്നുള്ള വാദം മുഴുവനായി അംഗികരിക്കാൻ കഴിയില്ല. പല സ്റ്റേഷനുകളിലും സർവ്വീസ് നടത്തിയിട്ടുള്ള ഇത്തരം ബോട്ടുകൾക്ക് സ്പീഡ് കുറവാണെന്നുള്ള പരാതി ഇതുവരെയും വന്നിട്ടില്ല. എന്നാൽ കോട്ടയം സ്റ്റേഷനിലെ ജീവനക്കാർ സ്ഥിരമായി തടിബോട്ട് ഓടിച്ചിരുന്നുവെന്നുള്ളതുകൊണ്ട് സ്റ്റീൽബോട്ട് ഓടിക്കുന്നതിനുള്ള പരിചയകുറവുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. എന്തായാലും ബോട്ടുകളുടെ സമയം കൃത്യമായി പാലിക്കാൻ ശ്രമിക്കുന്നുണ്ട്. തടിനിർമ്മിതമായ ബോട്ട് ലഭ്യമാകുന്ന മുറയ്ക്ക് അത് ഇറക്കുവാനുള്ള ശ്രമം നടത്തുന്നതാണ്. റവന്യൂ വകുപ്പിൽ നിന്നും ജലഗതാഗത വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് കോട്ടയം കോടിമതയിൽ സ്റ്റേഷൻ ഓഫീസ് പണിയുന്ന കാര്യം ആലോചിക്കുന്നതാണ്.

9. റെഗുലേറ്റർ കം-ബ്രിഡ്ജ്

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഏഴിമല നാവിക അക്കാഡമി, പെരുങ്ങാവായിക്കര സി.ആർ.പി.എഫ്. ക്യാമ്പ്, ചീമേനി തുറന്ന ജയിൽ, നൂറ് ഏക്കറിൽ പണി ആരംഭിച്ചിരിക്കുന്ന ചീമേനി സൈബർസിറ്റി, ആരംഭിക്കുവാൻ പോകുന്ന ചീമേനി താപനിലയം, കേന്ദ്ര സർവ്വകലാശാല എന്നീ സ്ഥാപനങ്ങൾക്കും നീലേശ്വരം, പയ്യന്നൂർ ബ്ലോക്കുകളിലെ കുടിവെള്ള പ്രശ്നത്തിന്റെ പരിഹാരത്തിനും ഉപ്പുവെള്ളം കയറിയുള്ള മലിനീകരണം തടയുന്നതിനും എല്ലാം ഉപകരിക്കുന്ന ഒരു നല്ല പദ്ധതിയായ നീലേശ്വരം-കയ്യൂർ ചീമേനി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന തേജസ്വിനി പുഴയ്ക്ക് കുറുകെ പാലായിവളവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് അടിയന്തരമായി പ്രാവർത്തികമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം എന്നതാണ് എന്റെ സബ്മിഷൻ. കാക്കടവ് പദ്ധതി 1957-ൽ ഇ.എം.എസ്.ന്റെ ഗവൺമെന്റ് വിഭാവനം ചെയ്തതാണ്. പക്ഷേ, കുടിയേറ്റ പ്രശ്നമുള്ളതുകൊണ്ട് ആ

പദ്ധതി പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. ഈ പദ്ധതിയെങ്കിലും അടിയന്തരമായി പൂർത്തീകരിച്ച് കുടിവെള്ള പ്രശ്നവും മറ്റ് നിരവധി പ്രശ്നങ്ങളും പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, കാസർഗോഡ് ജില്ലയിലെ നീലേശ്വരം-കയ്യൂർ-ചീമേനി പഞ്ചായത്തുകളെ ബന്ധിപ്പിച്ച് തേജസ്വിനി പുഴയ്ക്ക് കുറുകെ പാലായിവളവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്. പദ്ധതിയുടെ ആയക്കെട്ട് 1500 ഹെക്ടർ ആണ്. കയ്യൂർ, ചീമേനി, നീലേശ്വരം, കിനാനൂർ-കരിന്തളം, ഈസ്റ്റ്-വെസ്റ്റ് എളേരി എന്നീ പഞ്ചായത്തുകളിലെ കർഷകർക്ക് കൃഷി ആവശ്യത്തിനും കയ്യൂർ-ചീമേനി-നീലേശ്വരം പഞ്ചായത്തുകൾക്ക് കുടിവെള്ളം ലഭ്യമാക്കാനും തേജസ്വിനി പുഴയുടെ ഇടതുകരയിൽ താമസിക്കുന്ന ജനങ്ങൾക്ക് നീലേശ്വരത്ത് എത്തിച്ചേരാൻ ഇപ്പോഴുള്ള 12 കിലോമീറ്റർ എന്ന ദൂരപരിധി അഞ്ച് കിലോമീറ്ററായി കുറയ്ക്കാനും നിർദ്ദിഷ്ട ചീമേനി താപനിലയത്തിന് ജലം ലഭ്യമാക്കാനും കഴിയുന്ന ഈ പദ്ധതി സർക്കാർ ഗൗരവമായി പരിശോധിച്ചുവരികയാണ്.

10. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം

ശ്രീ. കെ. കെ. ഷാജു: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ആദ്യം ഒരു നിയോജക മണ്ഡലത്തിലെ ഒരു എം.എൽ.എ.ക്ക് ഒരുകോടി രൂപ എന്നൊരു പദ്ധതി വന്നു. അടുത്ത വർഷം ഒരു കോടി രൂപയുടെ സ്ഥാനത്ത് വിഷൻ 2010 എന്നുള്ള ഒരു പുതിയ സ്കീം വന്നു. ഞാൻ ആദ്യത്തെ പദ്ധതിയിൽ ഒരു കോടി രൂപയുടെ ഒരു പ്രോജക്ട് കൊടുത്തത് റോഡിനായിരുന്നു. രണ്ടാമത്തെ ഒരു കോടി രൂപയിൽ നൂറനാട് സബ്ട്രഷറിക്കുവേണ്ടി 30 ലക്ഷം രൂപയും പുതിയ സി.എച്ച്.സി. ആയി ഉയർത്തിയ ചുനക്കര പി.എച്ച്.സി.യുടെ ആശുപത്രി കെട്ടിടത്തിനുവേണ്ടി 60 ലക്ഷം രൂപയുടെ ഒരു സ്കീമും കൊടുത്തു. പൊതുമരാമത്ത് കെട്ടിട വിഭാഗം ഇതുസംബന്ധിച്ച് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി ആദ്യം പി.ഡബ്ല്യു.ഡി.-ക്ക് അയച്ചു. അത് സെക്രട്ടേറിയറ്റിലേയ്ക്ക് വന്നു. ഫിനാൻസിൽ വന്നു ആ ഫയൽ തള്ളി. വീണ്ടും അത് മുന്നോട്ടു കൊണ്ടുപോയി. അങ്ങനെ മുമ്പോട്ടും പുറകോട്ടും പോയി. ബഹുമാന്യനായ ധനകാര്യവകുപ്പു മന്ത്രിയുടെ നാട്ടിൽ വളരെ പ്രസിദ്ധമായ ഒരു പള്ളിയുണ്ട്. അർത്തുങ്കൽ പള്ളി. ആ പള്ളിയിൽ നേർച്ച നേർന്നാണ് ആളുകൾ അവിടേയ്ക്ക് പോകുന്നത്. പോകുമ്പോൾ അൻപത്വീട്, 100വീട്, 250വീട് ഇങ്ങനെ അവരുടെ കാര്യങ്ങൾക്കനുസരിച്ചാണ് വീടുകളുടെ എണ്ണം നിശ്ചയിക്കുന്നത്. വീടിന്റെ എണ്ണം തെറ്റിപ്പോകാതിരിക്കാൻ വേണ്ടി അവർ കയ്യിൽ ചെറിയ പാറ കരുതും. പോകുന്ന വീടുകളിലൊക്കെ ഓരോ പാറയിടും. എന്നിട്ട് ആ പാറയുടെ എണ്ണം തീരുമ്പോൾ വീടിന്റെ എണ്ണം കൃത്യമായി. ഇതുപോലെയാണ് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ആഫീസിൽ കയറിയിറങ്ങിയ ഓരോ ദിവസവും പാറകൾ അവിടെ ഇട്ടിരുന്നുവെങ്കിൽ സെക്രട്ടേറിയറ്റിനു പുതിയൊരു ബിൽഡിംഗ് പണിയുവാനുള്ള പാറ കിട്ടുമായിരുന്നു. ഇതുവരെ കെട്ടിടത്തിന്റെ ഒരു കാര്യവും ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly